ഭരണഭാഷ മാതൃഭാഷ

**കേരള സർക്കാർ**

**പൊതുഭരണ (ഏകോപനം) വകുപ്പ്**

നം.സിഡിഎൻ2/275/2019/പൊഭവ

തിരുവനന്തപുരം, തീയതി.11.01.2020

# സർക്കുലർ

വിഷയം:- പൊതുഭരണ വകുപ്പ് - 90 ദിന തീവ്രയജ്ഞ പരിപാടി - സർക്കാർ ആഫീസുകളിൽ ലഹരി വിരുദ്ധ പ്രതിജ്ഞയും, ലഹരി വിരുദ്ധ പരിപാടിയും സംഘടിപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

സൂചന :- 1) 26.10.2019 തീയതിയിലെ സ.ഉ.(കൈ)നമ്പർ 59/2019/നിവ നമ്പർ ഉത്തരവ്
2) 18.11.2019 തീയതിയിലെ സിഡിഎൻ2/257/2019/പൊഭവ നമ്പർ സർക്കുലർ

'നാളത്തെ കേരളം ലഹരിമുക്ത നവകേരളം' എന്ന 90 ദിന തീവ്രയജ്ഞ ബോധവത്ക്കരണ പരിപാടിയുടെ ഭാഗമായി എല്ലാ സർക്കാർ ഓഫീസുകളിലും ലഹരി വിരുദ്ധ കമ്മിറ്റി രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ടി ലഹരി വിരുദ്ധ കമ്മിറ്റികൾ മുഖാന്തിരം 2020 ജനുവരി 16-ന് രാവിലെ 11 മണിക്ക് ഓരോ ഓഫീസിലും ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലുന്നതിനും ഒരു ലഹരി വിരുദ്ധ പരിപാടിയെങ്കിലും സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ എല്ലാ വകുപ്പ് മേധാവികളും ജില്ലാ കളക്ടർമാരും പൊതുമേഖലാ, സ്വയംഭരണ സ്ഥാപനങ്ങളിലെ മേധാവികളും അവരവരുടെ ഓഫീസുകളിലും കീഴിലുള്ള ഓഫീസുകളിലും 2020 ജനുവരി 16-ന് രാവിലെ 11.00 മണിക്ക് ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലേണ്ടതും ഒരു ലഹരി വിരുദ്ധ പരിപാടിയെങ്കിലും സംഘടിപ്പിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. പ്രതിജ്ഞയുടെ പൂർണ്ണരൂപം ഉള്ളടക്കം ചെയ്യുന്നു.

**കെ.ആർ.ജ്യോതിലാൽ**
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും മേലധികാരികൾക്ക്
ഗവർണ്ണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള /കാലിക്കറ്റ്/ കുസാറ്റ് / കണ്ണൂർ/മഹാത്മാഗാന്ധി - സർവ്വകലാശാലകൾ
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി. പി.ഒ, എറണാകുളം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, തൃശ്ശൂർ-680 596
രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, പൂക്കോട്, വയനാട്
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി
രജിസ്ട്രാർ, എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, സി.ഇ.റ്റി ക്യാമ്പസ്, തിരുവനന്തപുരം
രജിസ്ട്രാർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, കൊച്ചി
രജിസ്ട്രാർ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല, മലപ്പുറം
രജിസ്ട്രാർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയ്സ് സയൻസ് & ടെക്നോളജി, തിരുവനന്തപുരം
രജിസ്ട്രാർ, കേരള കലാമണ്ഡലം, തൃശ്ശൂർ
രജിസ്ട്രാർ, ഇൻഡ്യൻ ഇൻസിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ & റിസർച്ച്, തിരുവനന്തപുരം
രജിസ്ട്രാർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോഴിക്കോട്
രജിസ്ട്രാർ, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി, തിരുവനന്തപുരം
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് ( മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ ( സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# ലഹരി വിരുദ്ധ പ്രതിജ്ഞ

മയക്കുമരുന്നുകൾ ഉൾപ്പെടെയുള്ള നിയമ വിരുദ്ധ ലഹരി പദാർത്ഥങ്ങൾ സമൂഹത്തെ തകർക്കുന്ന മാരക വിപത്താണ് എന്ന് ഞാൻ തിരിച്ചറിയുന്നു.

ലഹരിയോടുള്ള ആസക്തി അത് ഉപയോഗിക്കുന്ന വ്യക്തിയോടൊപ്പം കുടുംബത്തേയും സമൂഹത്തേയും പൂർണ്ണമായും നശിപ്പിക്കുമെന്ന് ഞാൻ മനസ്സിലാക്കുന്നു. നാളത്തെ പൗരൻമാരാവേണ്ട വിദ്യാർത്ഥികളും യുവജനങ്ങളും ലഹരിയുടെ കരാള ഹസ്തങ്ങളിൽ അകപ്പെടാതെ അവരെ സംരക്ഷിക്കുമെന്ന് ഞാൻ പ്രതിജ്ഞയെടുക്കുന്നു. നിയമവിരുദ്ധ ലഹരി പദാർത്ഥങ്ങൾ സൂക്ഷിക്കുകയോ, ഉപയോഗിക്കുകയോ, വിൽക്കുകയോ ഉപയോഗിക്കാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയോ ചെയ്യുകയില്ലെന്നും ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളിയായി നാടിനോടും ജനങ്ങളോടുമുള്ള എന്റെ കടമ നിറവേറ്റുമെന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു. ജീവിതമാണ് ലഹരി എന്ന ആശയം ജീവിതത്തിൽ പകർത്തി ലഹരി മുക്ത നവകേരളം പടുത്തുയർത്താൻ എന്റെ എല്ലാ കഴിവുകളും വിനിയോഗിച്ച് പ്രവർത്തിക്കുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

മേലെഴുത്ത് നമ്പർ: ഇ.എ2/45617/19/ഡിടിഇ തീയതി: 14/01/2020

സർക്കാർ പരിപത്രം വകുപ്പിന് കീഴിലെ എല്ലാ സ്ഥാപന മേധാവികളുടെയും അറിവിലേക്കും തുടർനടപടികൾക്കുമായും വെബ്സൈറ്റ് വഴി നൽകുന്നു.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി

പകർപ്പ്:

1. എല്ലാ സ്ഥാപനമേധാവികൾക്കും (ഡി.ടി.ഇ വെബ്സൈറ്റ് വഴി)
2. കരുതൽ സഞ്ചയം